സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

കരട് രേഖ

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ ഉൾപ്പെട്ട പുതിയ ബസ് സ്റ്റാൻഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ

തൃശ്ശൂർ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്

അർത്ഥനാധികാരി
പഴയന്നൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത്
സ്പെഷ്യൽ തഹസീൽദാർ എൽ.എ (ജനറൽ), തൃശ്ശൂർ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി. പി.ഒ. കളമശേരി, പിൻ: 683 104
ഫോൺ: 0484 2911332/2550785
outreach@rajagiri.edu, www.rajagirioutreach.org

05 ജനുവരി 2025

ഉള്ളടക്കം

അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ, സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറിങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1. പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുന:സ്ഥാപനപ്രദേശവും)

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി യുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

അദ്ധ്യായം 10: സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

പട്ടികകൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.2.1. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

അദ്ധ്യായം 1

പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1. പദ്ധതിയും പൊതു ആവശ്യവും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തെ ആശ്രയി ച്ചിരിക്കുന്നു. ജനങ്ങളുടെ ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ്. ആയതിനാൽ കാര്യക്ഷമമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് രാജ്യത്തിൻെറ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ പഴയന്നൂർ ഗ്രാമപഞ്ചായ ത്തിലെ എളനാട് ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനായി പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന എളനാട് വില്ലേജിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ പ്രധാന സാംസ്കാരിക മേഖലയായ തൃശ്ശൂർ ജില്ലയിലെ എളനാട് പ്രധാനപ്പെട്ട ഒരു മലയോര പ്രദേശമായതിനാൽ സമീപ ഭാവിയിൽ ഉണ്ടാകുവാനിടയുള്ള നാടിൻെറ വികസനത്തിന് മലയോര ഗ്രാമപ്രദേശത്തേക്ക് വരുന്ന ബസ്സുകൾക്ക് സംഗമ സ്ഥാനം ആവശ്യമാണ്. ഇതിനു ഒരു ശാശ്വത പരിഹാരമായി പുതിയ ബസ് സ്റ്റാൻറ് നിർമ്മാണം അനുയോജ്യമായ ഒരു ഘടകമാണ്. പ്രസ്തുത പ്രദേശത്തിൻെറ പ്രാധാന്യവും തിരക്കേറിയ ഗതാഗതവും കണക്കിലെടുത്തു കൊണ്ടാണ് നിർമ്മാണം ഉദ്ദേശിക്കുന്നത്. പൊതു ഗതാഗതത്തിൻെറ ആവശ്യം ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മികച്ച സഞ്ചാരയോഗ്യ മായ പാതയോടൊപ്പം തന്നെ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമാണ്.

നിലവിലെ പദ്ധതി പ്രകാരം, പദ്ധതി വരുന്ന പ്രദേശത്തിൻെറ വശങ്ങളിൽ കടകൾ, സ്ഥാപന ങ്ങൾ എന്നിവയാണുള്ളത്. ബസ് സ്റ്റാൻഡിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്ന മതിയായ യാത്രാ സൗകര്യങ്ങൾ ജനങ്ങൾക്ക് ഉണ്ടാകുക എന്ന നിലയിൽ, ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനായാണ് പദ്ധതി ലക്ഷ്യമിടുന്നത്. എളനാട് പ്രദേശത്ത് ബസ്സുകൾ ഹാൾട്ട് ചെയ്യുന്നതിന് മതിയായ സ്ഥല സൗകര്യം ഇല്ലാത്തതിനാൽ ബസ്സുകൾ റോഡ് സൈഡിൽ

തന്നെ നിർത്തി ആളുകളെ കയറ്റുകയും ഇറക്കുകയുമാണ് ചെയ്തുവരുന്നത്. ആയതിനാൽ ഒരു പുതിയ ബസ് സ്റ്റാൻറ് നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

മലയോര ഗ്രാമത്തിൻെറ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യം വയ്ക്കുന്നു എന്നതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ഭാഗം 2(1) b (i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യമാണ്.

1.2. പദ്ധതി പ്രദേശം

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ ഉൾപ്പെട്ട ബസ് സ്റ്റാൻഡ് നിർമ്മാണത്തിനായി പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ എളനാട് ബസ്സ്റ്റാൻറ് പദ്ധതിക്കു വേണ്ടി തൃശ്ശൂർ ജില്ലയിലെ എളനാട് വില്ലേജിലെ 1042 നമ്പർ ൽ ഉൾപ്പെട്ട 0.9916 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2025 സെപ്റ്റമ്പർ 1–ാം തീയതിയിലെ വാല്യം. 14 No. 3138 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ തൃശ്ശൂർ ജില്ലാ കളക്ടറുടെ 2025 ആഗസ്റ്റ് 30–ാം തീയതിയിലെ വിജ്ഞാ പനം. DCTSR/4756/2020-E4 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ എളനാട് ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനായി തലപ്പിള്ളി താലൂക്കി ലെ എളനാട് വില്ലേജിൽ നിന്നും 1042 നമ്പർ ൽ ഉൾപ്പെട്ട 0.9916 ഹെക്ടർ സ്ഥലം ഏറ്റെടു ക്കുവാൻ ഉദ്ദേശിക്കുന്നു.

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പദ്ധതിക്ക് മറ്റ് മാർഗ്ഗങ്ങൾ പരിഗണിച്ചതായി വിവരങ്ങൾ ലഭിച്ചിട്ടില്ല.

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി എളനാട് വില്ലേജിൽ നിന്ന് സ്ഥലം ഏറ്റെടുക്കുമ്പോൾ 4 ഭൂവുട മകൾക്കു വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ

ഫോണിൽ ബന്ധപ്പെട്ട് സാമൂഹ്യ– സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. എളനാട് വില്ലേജിലെ ഭൂവുടമയിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ഇത്തരത്തിൽ വിവര ശേഖരണം നടത്തിയത്.

പുതുക്കോട്ടതെരുവിൽ വി എച്ച് മജീദ് സാഹിബ് എന്ന വ്യക്തിയുടെ ഭാര്യയുടെയും, 3 മക്കളുടെയും ഉടമസ്ഥതയിലുള്ളതാണ് പദ്ധതി പ്രദേശം. ഏറ്റെടുക്കപ്പെടുന്ന നിർമ്മിതികളിൽ ഉടമകൾക്കു വരുമാന മാർഗ്ഗവും കൈവശ ഭൂമി പൂർണ്ണമായി നഷ്ടമാകുകയും ചെയ്യും. പദ്ധതി പ്രദേശത്തുള്ള (ഇ സി സി) എളനാട് കൾച്ചറൽ സെൻറർ എന്ന കെട്ടിടം പൂർണ്ണമായും നഷ്ടപ്പെടുന്നു.

1.6. ലഘൂകരണ നടപടികൾ

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No. 485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1.ൽ നൽകിയിരിക്കുന്നു.

പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

ക്രമ നമ്പർ	സാമൂഹ്യ പ്രത്യാഘാതം	ലഘൂകരണ നടപടി
1	കൈവശഭൂമി നഷടമാകൽ/ അളവ് കുറയൽ	നിയമാനുസൃതമായ നഷ്ടപരിഹാരം

3	മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ	നിയമാനുസൃതമായ നഷ്ടപരിഹാരം
4	വരുമാനം നഷ്ടമാകൽ	നിയമാനുസൃതമായ നഷ്ടപരിഹാരം
5	ഗതാഗതം തടസ്സപ്പെടൽ	പദ്ധതി നിർമ്മാണഘട്ടത്തിൽ ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാത്ത വിധത്തിൽ മതിയായ മുൻകരുതലുകൾ സ്വീകരിക്കണം
6	പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യ പ്രശ്നങ്ങൾ/അപകട സാധ്യതകൾ	പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരിക്കണം
7	നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം	പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
8	വൃക്ഷങ്ങൾ നഷ്ടമാകൽ	നിയമാനുസൃതമായ നഷ്ടപരിഹാരം പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

അദ്ധ്യായം 2

പദ്ധതിയുടെ വിശദവിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ എളനാട് ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ എളനാട് ബസ് സ്റ്റാൻറ് പഞ്ചായത്ത് സ്ഥലത്താണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. എളനാട് പ്രദേശത്ത് ബസ്സുകൾ ഹാൾട്ട് ചെയ്യുന്നതിനും ജനങ്ങൾക്ക് യാത്രാ സൗകര്യവും സ്ഥല സൗകര്യവും ഇല്ലാത്തതിനാലും ബസ്സുകൾ റോഡ് സൈഡിൽ തന്നെ നിർത്തി ആളുകളെ കയറ്റുകയും ഇറക്കുകയുമാണ് ചെയ്തു വരുന്നത്. ആയതിനാൽ ഒരു പുതിയ ബസ് സ്റ്റാൻറ് നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

വനമേഖലയ്ക്ക് ചേർന്നു കിടക്കുന്നതും ജനങ്ങൾ തിങ്ങി പാർക്കുന്ന ഒരു പ്രദേശവും ആണ് എളനാട്. ഈ നാട്ടിലൂടെ പാലക്കാട്, ആലത്തൂർ, തൃശ്ശൂർ, വടക്കുംചേരി, ഒറ്റപ്പാലം, തിരുവില്വാമല, നെയ്ത്തുഗ്രാമമായ കുത്താമ്പുള്ളി എന്നീ സ്ഥലങ്ങളിലേയ്ക്ക് 10 ഓളം ബസുകൾ കടന്നുപോകുന്നുണ്ട്. ഈ ബസുകൾ എല്ലാം ഇപ്പോൾ വഴിയിൽ നിർത്തിയാണ് ആളുകളെ കയറ്റുന്നതും, ഇറക്കുന്നതും. ഇത് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകാറുണ്ട്. അതുപോലെ പഴയന്നൂർ സ്കൂളിലേക്ക് വനമേഖലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കുട്ടികൾ പഠനത്തിനായി എത്തുന്നുണ്ട്. ഇപ്രകാരം വരുന്ന കുട്ടികൾ കൂട്ടമായി വഴിയിൽ നിന്ന് ബസിൽ കയറുന്നതും ഇറങ്ങുന്നതും അപകടങ്ങൾ ഉണ്ടാക്കുന്നു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടും, ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടും, പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ സർവ്വകക്ഷി യോഗത്തിൽ പുതിയ ബസ് സ്റ്റാൻഡ് നിർമ്മുക്കുന്നതിനായി തീരുമാനമെടുത്തു. പദ്ധതിയുടെ പ്രാരംഭ നടപടികൾക്കും, യാദൃച്ഛിക നടപടികൾക്കുമായി അർത്ഥനാധികാരി 70,000,00/- തുക അനുവദിച്ചിട്ടുണ്ട്. തുടർനടപടികൾക്കായുള്ള തുക പദ്ധതിയുടെ പുരോഗമനമനുസരിച്ച് അർത്ഥനാധികാരി ലഭ്യമാക്കുന്നതായി അറിയിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ. എ (ജനറൽ), തൃശ്ശൂർ ആയിരിക്കും.

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

അടിസ്ഥാന സൗകര്യങ്ങൾ അനുയോജ്യമായി നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(b)യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാൻഡിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്നതിന് പരിഹാരമാർഗം എന്ന നിലയിൽ, പുതിയ ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ നിന്നും ഏകദേശം 0.9916 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. നിർദ്ദിഷ്ട പദ്ധതി, പഴയന്നൂർ ഗ്രാമപഞ്ചായത്തിൻെറ മലയോര പ്രദേശമായ എളനാട് ആണ്.

ഈ പദ്ധതിയിലൂടെ വെള്ളം, വൈദ്യുതി, വെയ്റ്റിംഗ് ഷെഡ്, കംഫർട്ട് സ്റ്റേഷൻ, പഞ്ചായത്ത് ഓഫീസ്, താഴെ ഓട്ടോ, ടാക്സി സ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. ഈ പദ്ധതിയിൽ നിലവിൽ ഉള്ള അപകട സാധ്യതകൾ പരിഹരിച്ച് പ്രദേശത്തിൻെറ ഗതാഗതം സുഗമമാക്കൽ, പ്രദേശത്തിൻെറ സമഗ്രവികസനം തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പുതിയ ബസ് സ്റ്റാൻഡ് നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടും, ഭൂമി

ഏറ്റെടുക്കൽ നടപടികൾക്കായുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടും, പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ സർവ്വകക്ഷി യോഗത്തിൽ തീരുമാനമെടുത്തു. പദ്ധതിയുടെ പ്രാരംഭ നടപടികൾക്കും, യാദൃച്ഛിക നടപടികൾക്കുമായി അർത്ഥനാധികാരി 70,000,00/- തുക അനുവദിച്ചിട്ടുണ്ട്. തുടർനടപടികൾക്കായുള്ള തുക പദ്ധതിയുടെ പുരോഗമനമനുസരിച്ച് അർത്ഥനാധികാരി ലഭ്യമാക്കുന്നതായി അറിയിച്ചിട്ടുണ്ട്.

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പ്രത്യാഘാതങ്ങൾ കുറവ് വരത്തക്ക വിധത്തിൽ ഏറ്റവും അനുയോജ്യമായ രീതിയിലാണ് നിലവിലെ രൂപരേഖ തീർച്ചപ്പെടുത്തിയിരിക്കുന്നത്.

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിയുടെ നിർമ്മാണത്തിനായി സ്ഥലം എറ്റെടുത്ത്, ബാക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിന് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ നിർമ്മാണത്തിനു മുന്നോടിയായുള്ള പ്രത്യാഘാത സർവ്വെയും രൂപരേഖയും നിർമ്മാണ നടപടികളും നടത്തുന്നു.

2.6. പദ്ധതിയുടെ വലിപ്പം, സൗകര്യങ്ങൾ

പദ്ധതി പ്രദേശത്ത് പഴയന്നൂർ ബസ്സ് സ്റ്റാൻഡ് നിർമ്മാണത്തിനായി 10000 സ്ക്വ. മീറ്റർ (9990 മീറ്റർ) വരുമെന്നാണ് പഞ്ചായത്തിൻെറ നിഗമനം. പദ്ധതിയുടെ പ്രാരംഭ നടപടികൾക്കും, യാദൃച്ഛിക നടപടികൾക്കുമായി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടും, ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടും, പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ സർവ്വകക്ഷിയോഗത്തിൽ വെച്ച് തീരുമാനമെടുത്തു. പദ്ധതിയുടെ പ്രാരംഭ നടപടികൾക്കും, യാദൃച്ഛിക നടപടികൾക്കുമായി അർത്ഥനാധികാരി 70,000,00/- തുക അനുവദിച്ചിട്ടുണ്ട്. തുടർനടപടികൾക്കായുള്ള തുക പദ്ധതിയുടെ പുരോഗമനമനുസരിച്ച് അർത്ഥനാധികാരി ലഭ്യമാക്കുന്നതായി അറിയിച്ചിട്ടുണ്ട്.

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ നിലവിലെ ഗതാഗതം (പൊതു ഗതാഗതം ഉൾപ്പെടെ) തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ഠിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ തിരഞ്ഞെടുക്കുകയും നിശ്ചിത കാലയളവിനുള്ളിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കണമെന്ന ഉടമ്പടിയിൽ സൈറ്റ് കൈമാറുകയും ചെയ്യും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി, കൊച്ചി നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്. പദ്ധതിക്ക് വേണ്ടി മണ്ണ് പരിശോധന പോലുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഒഴികെ മറ്റ് പഠനങ്ങൾ നടന്നതായ വിവരങ്ങൾ ലഭ്യമല്ല.

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പുതിയ ബസ് സ്റ്റാൻഡ് നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. എളനാട് വില്ലേജിൽ നിന്നും ഏകദേശം 0.9916 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ

കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(MS) No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിന്റെ നയം
- ❖ വിവരവകാശ നിയമം 2005

അദ്ധ്യായം 3

പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിന്റെ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് തൃശ്ശൂർ ജില്ലാ കളക്ടർ 2025 സെപ്റ്റംബർ 01 തീയതിയിലെ കേരള ഗസറ്റിൽ 3138 നമ്പറിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം No.DCTSR/4756/2020-E4 പ്രകാരം ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ചെയർമാന്റെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവസമ്പത്തുള്ള 7 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.1.1. പഠന സംഘം

ക്രമ നമ്പർ	പേര്	വിദ്യാഭ്യാസ യോഗ്യത പദവി	പ്രവർത്തന പരിചയം
1	ഡോ. ഫാ.സാജു എം. ഡി	എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി.. കൺസൾട്ടന്റ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്)	അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം

2	ഡോ:ബിനോയ് ജോസഫ്	എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ്	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം
3	ഡോ. ഫാ. ഷിൻേറാ ജോസഫ്	എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ്	അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം
4	മീന കുരുവിള	എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ	വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം
5	ബിജു സി.പി.	ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ	വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം
6	ദിവ്യ പി. ജി.	എം.എ. സോഷ്യോളജി റിസേർച്ച് അസ്സോസിയേറ്റ്	വികസന മേഖലയിൽ 15 വർഷത്തെ പ്രവർത്തന പരിചയം
7	ഫിലോമിന കെ.എ.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	32 വർഷത്തെ പ്രവർത്തന പരിചയം

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധ ങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാ വശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബ ങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബവുമായി ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ്

പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 23/09/2025 തീയതിയിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബങ്ങളുടെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങളുടെ അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ പഴയന്നൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ, എൽ. എ (ജനറൽ) തൃശ്ശൂർ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പദ്ധതി ബാധിത കുടുംബങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിക്കുന്ന പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിച്ച അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കുന്നത്.

പട്ടിക 3.1.2. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ

തീയതി	ഘട്ടങ്ങൾ
01.09.2025	പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ചിനെ നിയോഗിച്ച് ജില്ലാ കളക്ടറുടെ നടപടിക്രമം
23.09.2025	അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നും വിവരശേഖരണം

23.09.2025	പദ്ധതി പ്രദേശത്ത് സംയുക്ത സന്ദർശനം & ചോദ്യാവലി പരിശോധന
23.09.2025	പദ്ധതി ബാധിത കുടുംബത്തിൽ സാമൂഹ്യ-സാമ്പത്തിക സർവ്വെ
	സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം - കരട് റിപ്പോർട്ട്
	പബ്ലിക് ഹിയറിങ്ങ്
	അന്തിമരേഖ സമർപ്പണം

3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയേക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠനസംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന കുടുംബത്തെ കണ്ടെത്തുകയും, അവരിൽ നിന്ന് സാമൂഹ്യ- സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബത്തിനും, പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബത്തിൻെറ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബത്തെ ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയും പബ്ലിക് ഹിയറിങ്ങിലൂടെയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിക്കുക.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാധികാരിയായ പഴയന്നൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ, സ്പെഷ്യൽ തഹസിൽദാർ എൽ.എ, (ജനറൽ), തൃശ്ശൂർ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ

ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശനിയമവും അതിന്റെ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാ കാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:

- അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും
- പബ്ലിക് ഹിയറിംങ്ങ്

അദ്ധ്യായം 4

സ്ഥലത്തിൻെറ മൂല്യനിർണ്ണയം

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

തൃശ്ശൂർ ജില്ലയിലെ എളനാട് വില്ലേജിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പുതിയ ബസ് സ്റ്റാൻഡ് നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. എളനാട് വില്ലേജിൽ നിന്നും ഏകദേശം 0.9916 ഹെക്ടർ ഭൂമി എറ്റെടുക്കേണ്ടതുണ്ട്. നിലവിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം എന്ന നിലയിൽ ബസ് സ്റ്റാൻഡിൽ കയറി പൊതുജനത്തിന് അവിടെ നിന്നും ബസ് കയറി ഇറങ്ങുന്നതിന് സൗകര്യം ഒരുക്കി ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് 4 ഭൂവുടമകളുടെ പേരിലുള്ള 2 നില കെട്ടിടം പൂർണ്ണമായും ഏറ്റെടുക്കപ്പെടും. (ഇ സി സി) എളനാട് കൾച്ചറൽ സെൻറർ എന്ന് പേരുള്ള ഈ കെട്ടിടത്തിൽ; തണൽ വെൽഫെയർ സൊസൈറ്റി, ഹോളിഡേ മദ്രസ്സ, ലൈബ്രറി & റീഡിംഗ് റൂം, കനിവ് ചാരിറ്റബിൾ ട്രസ്റ്റ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തൃശ്ശൂർ ജില്ലയിലെ എളനാട് വില്ലേജിൽ ഉൾപ്പെടുന്ന പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട എളനാട് വില്ലേജിൽ നിന്നും ഏകദേശം 0.9916 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ 4 ഭൂവുടമകൾക്കും ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്. ഏറ്റെടുക്കുന്ന പ്രദേശ ത്തിനപ്പുറത്തേക്ക് മൊത്തത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലെന്ന് പഠന സംഘം വിലയിരുത്തുന്നു.

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ പഴയന്നൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ സമർപ്പിച്ച അർത്ഥനാപത്രത്തിൽ ഏകദേശം 0.9916 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കു ന്നതായി പറയുന്നത്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന്

അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പ്രദേശവാസികൾ പൊതുവായി ഉപയോഗിക്കുന്ന ഹോളിഡേ മദ്രസ്സ, ലൈബ്രറി & റീഡിംഗ് റൂം എന്നീ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു.

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ നിന്നും ഏകദേശം 0.9916 ഹെക്ടർ ഭൂമി എറ്റെടുക്കേണ്ടതുണ്ട്. ഭൂസ്ഥിതി പ്രകാരം സ്ഥലം പൂർണ്ണമായും പുരയിടം വിഭാഗത്തിൽ പെടുന്നു. ഈ പ്രദേശങ്ങൾ പൊതു ആവശ്യത്തിനായി ജനങ്ങൾ ഉപയോഗിക്കുന്നു. കൂടുതലും ഇവിടെ റബ്ബർ തോട്ടവും തേക്ക്, പ്ലാവ് തുടങ്ങിയ വിളകളുമാണ്. പദ്ധതി പ്രദേശം പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നതും എല്ലാ വിധ അടിസ്ഥാന സൗകര്യങ്ങളുടെയും പ്രാപ്യതയുള്ളതുമാണ്.

4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറുകളിൽ 4 ഭൂവുടമകളേയും, (ഇ സി സി) എളനാട് കൾച്ചറൽ സെൻറർ എന്ന് പേരുള്ള ഈ കെട്ടിടത്തേയും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി. ടി സ്ഥലങ്ങളിൽ മാവ്, പ്ലാവ്, തുടങ്ങിയ ഫല വൃക്ഷങ്ങളും, തേക്ക്, റബ്ബർ തുടങ്ങിയ മരങ്ങളും ബാധിക്കപ്പെടുന്നുണ്ട്. റബ്ബർ ഷീറ്റ് ഉണക്കുന്നതിനുള്ള പുകപ്പുര, മോട്ടോർ ഷെഡ് എന്നിവയും ബാധിക്കപ്പെടുന്നുണ്ട്.

പദ്ധതി ബാധിത ഭൂമിയുടെ തരം

എളനാട് വില്ലേജിൽ നിന്നും ഏറ്റെടുക്കുന്ന 1042 സർവ്വെ നമ്പരിലുൾപ്പെട്ട സ്ഥലം പൂർണ്ണമായും പുരയിടം വിഭാഗത്തിൽ പെടുന്നു.

പദ്ധതി ബാധിത ഭൂമിയുടെ ഉപയോഗം

പദ്ധതി ബാധിത സ്ഥലമായ 1042 സർവ്വെ നമ്പർ ഭൂമിയിൽ കൃഷിക്കായുള്ള ഭൂമിയും, ഇരുനില കെട്ടിടവും പൂർണ്ണമായി നഷ്ടപ്പെടുന്നു എന്ന് മനസ്സിലാക്കുന്നു.

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയത് 4 ഭൂവുടമകളുടെ ഉടമസ്ഥതയിലുള്ള സ്ഥലമാണ്. 2 ഏക്കർ 45 സെൻറ് ഭൂമിയാണ് ഭൂവുടമയ്ക്കുള്ളത്. നിർദ്ദിഷ്ട സ്ഥലം ഉടമയ്ക്ക് പാരമ്പര്യമായി ലഭിച്ചതാണ്. നിർദ്ദിഷ്ട സ്ഥലം ഉടമകൾ കൈവശമാക്കിയ രീതി പരിശോധിക്കുമ്പോൾ പൂർവ്വികരിൽ നിന്നും കൈവശമായതാണ്.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ ഭൂവുടമകൾ തരം തിരിച്ച് വിവിധ ആധാരങ്ങളിൽ ഭൂമി കൈവശമാക്കിയിട്ട് 2 വർഷക്കാലമാകുന്നതേയുള്ളൂ എന്ന് മനസ്സിലാക്കുന്നു.

അദ്ധ്യായം – 5

ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

തൃശ്ശൂർ ജില്ലയിലെ എളനാട് വില്ലേജിൽ നിന്നും ഏകദേശം 0.9916 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. നിർദ്ദിഷ്ട പദ്ധതി പഴയന്നൂർ ഗ്രാമപഞ്ചായത്ത് ആസ്ഥാനമായ എളനാട് പ്രദേശമാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ നടപ്പാതയ്ക്കോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാതബാധിതരായും കാണേണ്ടതാണ്. 4 കുടുംബങ്ങളാണ് പദ്ധതി ബാധിത വിഭാഗത്തിൽ ഉൾപ്പെടുന്നത്.

5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ *(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

2025 സെപ്റ്റമ്പർ 1–ാം തീയതിയിലെ വാല്യം. 14 No. 3138 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ തൃശ്ശൂർ ജില്ലാ കളക്ടറുടെ 2025 ആഗസ്റ്റ് 30–ാം തീയതിയിലെ വിജ്ഞാപനം. DCTSR/4756/2020-E4 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ എളനാട് ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനായി തലപ്പിള്ളി താലൂക്കിലെ എളനാട് വില്ലേജിൽ നിന്നും 1042 നമ്പർ ൽ ഉൾപ്പെട്ട 0.9916 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു.

പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

വില്ലേജ് : എളനാട്

ക്രമ നമ്പർ	*ഉടമയുടെ പേര്, അഡ്രസ്സ് & ഫോൺ നമ്പർ*	*സർവ്വെ നമ്പർ*	*പ്രത്യാഘാതം*
1	സുഹറ മജീദ് വേശക്കാരൻ ഹൗസ് എളനാട് 9400666181	1042/p-1	റബ്ബർ, തേക്ക്
2	മുഹമ്മദ് റാഫിദ് വി എം വേശക്കാരൻ ഹൗസ് എളനാട് 9400666181	1042/p-4	റബ്ബർ, തേക്ക്
3	ഡോ. നിഷാദ് വി എം വേശക്കാരൻ ഹൗസ് എളനാട് 9496365324	1042/p-2	റബ്ബർ, തേക്ക്
4	മുഹമ്മദ് ഷിജാദ് വി എം വേശക്കാരൻ ഹൗസ് എളനാട് 9400666181	1042/p-3	റബ്ബർ, തേക്ക്

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

കുടുംബങ്ങൾ ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തുണ്ട്. (ഇ സി സി) എളനാട് കൾച്ചറൽ സെൻറർ എന്ന് പേരുള്ള ഈ കെട്ടിടത്തിൽ; തണൽ വെൽഫെയർ സൊസൈറ്റി, ഹോളിഡേ മദ്രസ്സ, ലൈബ്രറി & റീഡിംഗ് റൂം, കനിവ് ചാരിറ്റബിൾ ട്രസ്റ്റ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

5.4 കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല.

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ഏറ്റെടുക്കപ്പെടുന്ന സ്ഥലത്ത് കുടുംബങ്ങൾ താമസിക്കുന്നില്ല.

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധി യായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

ടി ഉടമകൾക്കു വരുമാന മാർഗം നഷ്ടമാകുകയും, കൈവശ ഭുമിയുടെ അളവ് കുറയുകയും ചെയ്യും.

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ

തണൽ വെൽഫെയർ സൊസൈറ്റി, ഹോളിഡേ മദ്രസ്സ, ലൈബ്രറി & റീഡിംഗ് റൂം, കനിവ് ചാരിറ്റബിൾ ട്രസ്റ്റ് എന്നീ സ്ഥാപനങ്ങൾ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരാണ്.

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ നിന്ന് ഫലദായക വസ്തുക്കൾ നഷ്ടപ്പെടുന്നു.

അദ്ധ്യായം 6

സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ ഉൾപ്പെട്ട പ്രദേശമാണ്. പദ്ധതി പ്രകാരം നിർമ്മിക്കുന്ന ബസ് സ്റ്റാൻഡ് വികസനത്തിനായി ഏറ്റെടുക്കുന്നതു എളനാട് വില്ലേജിൽ ഉൾപ്പെടുന്ന പ്രദേശം ആണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പങ്കെടുത്ത പദ്ധതി ബാധിത ഭൂവുടമയുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

വിവരം നൽകിയ പദ്ധതി ബാധിത ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

പ്രായം	പുരുഷൻ	സ്ത്രീ
0–18	1	6
18–59	3	3
60 ന് മുകളിൽ	1	1
ആകെ	**5**	**10**

6.2. വരുമാനവും ദാരിദ്ര്യതലവും

ലഭ്യമായ വിവരം അനുസരിച്ച്, പദ്ധതി ബാധിതമായ കുടുംബങ്ങൾ വെള്ള നിറത്തിലുള്ള റേഷൻ കാർഡ് ആണ് കൈവശം വച്ചിരിക്കുന്നത്. കൂടാതെ, വിദേശത്തും മറ്റും ജോലി ചെയ്യുന്നവർ, കൃഷി തുടങ്ങിയവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ.

6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിത കുടുംബങ്ങളിൽ 60 വയസിൽ കൂടുതൽ പ്രായമുള്ള 2 വയോജനങ്ങളുണ്ട്. സ്ഥലം നഷ്ടമാകുന്നതു വഴി ഇവരുടെ പ്രധാന വരുമാന മാർഗ്ഗവും നഷ്ടമാകും.

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ, ഏറ്റെടുക്കപ്പെടുന്ന നിർമ്മിതികളിൽ ഇരുനില കെട്ടിടം പൂർണ്ണമായും ഏറ്റെടുക്കപ്പെടും. കൂടാതെ, ഉടമകൾക്കു വരുമാന മാർഗം നഷ്ടമാകുകയും, കൈവശ ഭൂമിയുടെ അളവ് പൂർണ്ണമായി കുറയുകയും ചെയ്യും.

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്തായി ധനകാര്യ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതി പ്രദേശത്ത് ഭൂവുടമകളുടെ വരുമാനമാർഗ്ഗമായ റബ്ബർ കൃഷി ഇവരുടെ ഉപജീവനത്തെ ബാധിക്കുന്നു

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ കുടുംബങ്ങൾ അണുകുടുംബങ്ങളാണ്. പദ്ധതി ബാധിത പ്രദേശത്ത് സാംസ്കാരിക സംഘടനകൾ പ്രവർത്തിക്കുന്നു.

6.8 ഭരണ സംഘടനകൾ

പദ്ധതി പ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതി ബാധിതമാകുന്നില്ല.

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

6.11. പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ

എളനാട് പ്രധാനപ്പെട്ട ഒരു പ്രദേശമായതിനാൽ സമീപഭാവിയിൽ ഉണ്ടാകുവാനിടയുള്ള ഗതാഗത കുരുക്കിനും, ഒപ്പം നാടിൻെറ വികസനത്തിനും ശാശ്വതപരിഹാരമായി പുതിയ ബസ് സ്റ്റാൻഡ് നിർമ്മാണവും നിലവിലുള്ള വികസനത്തിനു അനുയോജ്യമായ ഘടകമാണ്. പ്രസ്തുത പ്രദേശത്തിൻെറ പ്രാധാന്യവും തിരക്കേറിയ ഗതാഗതവും കണക്കിലെടുത്തു കൊണ്ടാണ് വികസനം ഉദ്ദേശിക്കുന്നത്. പൊതു ഗതാഗതത്തിൻെറ ആവശ്യം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മികച്ച സഞ്ചാരയോഗ്യമായ പാതയോടൊപ്പം മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉള്ള ബസ് സ്റ്റാൻഡ് എന്നത് നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമാണ്. കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾക്ക് അനുസൃതമായി വളർച്ച ഉണ്ടാകേണ്ടതിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ച പ്പെടുത്തുക എന്നത് ഒഴിച്ചുകൂടാനാകാത്ത ഒന്നാണ്.

തൃശ്ശൂർ ജില്ലയിലെ എളനാട് വില്ലേജിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പുതിയ ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിനായി എളനാട് വില്ലേജിൽ ഉൾപ്പെടുന്ന പഴയന്നൂർ ഗ്രാമപ ഞ്ചായത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ വെള്ളം, വൈദ്യുതി, വെയ്റ്റിംഗ് ഷെഡ്, കംഫർട്ട് സ്റ്റേഷൻ, പഞ്ചായത്ത് ഓഫീസ്, താഴെ ഓട്ടോ, ടാക്സി സ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ യാത്രികരുടെ സുരക്ഷാ സാധ്യതകൾ പുതിയ ബസ് സ്റ്റാൻറ് നിർമ്മാണത്തിലൂടെ മെച്ചപ്പെ ടുകയും ചെയ്യും. പ്രദേശത്തെ വ്യാവസായിക മേഖലയുടെയും മറ്റും വളർച്ചയ്ക്കും അതുവഴി സാമ്പത്തിക നേട്ടത്തിനും പദ്ധതി കാരണമാകും എന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ റോഡ് ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം രാജ്യ വികസനത്തിന് അത്യന്താ പേക്ഷിതമാണ്. രാജ്യത്തിൻെറ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വയ്ക്കുന്നു എന്നതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും

പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഭാഗം 2(1) b (i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യമാണ്.

6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അടിസ്ഥാന സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

അദ്ധ്യായം 7

സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിയത്. ആദ്യഘട്ടത്തിൽ 23/09/25 തീയതിയിൽ പദ്ധതി പ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തി മുൻപേ തയ്യാറാക്കിയ സാമൂഹ്യ- സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവര ശേഖരണം നടത്തി ചോദ്യാവലി സ്ഥിരീകരിച്ചു. തുടർന്ന് പഠന സംഘം പദ്ധതി ബാധിത കുടുംബങ്ങൾ സന്ദർശിച്ച് നിർദ്ദിഷ്ട ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി. കൂടാതെ പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളെ നേരിൽ കണ്ട് വിവരങ്ങൾ ശേഖരിച്ചു.

അതിനു ശേഷം പഠനസംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും പബ്ലിക് ഹിയറിങ്ങിനെ കുറിച്ചുള്ള വിവരങ്ങൾ പദ്ധതി ബാധിതരെയും, പഞ്ചായത്ത്, വില്ലേജ് അധികാരികളെയും അറിയിക്കുകയും ചെയ്യും.

7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

തൃശ്ശൂർ ജില്ലയിലെ എളനാട് വില്ലേജിൽ ബസ് സ്റ്റാൻഡിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്നതിന് പരിഹാരമാർഗം എന്ന നിലയിൽ, പുതിയ ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനായി എളനാട് വില്ലേജിൽ നിന്നുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും

ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതി യിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനഃരധിവാസ–പുനഃസ്ഥാപനം എന്നിവ പദ്ധതി ബാധി തർക്ക് നൽകുക.

- പദ്ധതി ബാധിതരുടെ വരുമാന മാർഗം പദ്ധതി നിർമ്മാണത്തിലൂടെ പൂർണ്ണമായും നഷ്ടമാകുന്നു. അവരുടെ നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാതെയുള്ള നഷ്ട പരിഹാരം ലഭിക്കുന്നതിന് ഉതകുന്ന നടപടികൾ സമയാധിഷ്ഠിതമായി നടപ്പിലാക്കേ ണ്ടതാണ്.
- സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോൾ ഈ റൂട്ടിലൂടെയുള്ള ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാത്ത രീതിയിൽ വേണ്ട മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്ര സാമഗ്രിക ളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ ആസൂത്ര ണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപന ത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാര

വും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ– പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ എളനാട് വില്ലേജിൽ ബസ് സ്റ്റാൻഡിലേക്ക് ബസ്സുകൾ കയറി വിവിധ പ്രദേശങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നവരെ ഒരു പൊതു സ്ഥലത്തു നിന്ന് യാത്ര തുടങ്ങുന്നതിനുള്ള പരിഹാരമാർഗം എന്ന നിലയിൽ, പുതിയ ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ബാധകമാണ്.

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

ബാധകമല്ല.

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

പദ്ധതിയുടെ രൂപരേഖയിൽ മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം, പുനഃരധിവാസ– പുനഃസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്യതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി

ക്രമ നമ്പർ	പ്രതീക്ഷിക്കുന്ന പ്രത്യാഘാതം	പ്രത്യാഘാത ലഘൂകരണം	സമയക്രമം	നിരീക്ഷണ സൂചികകൾ
1	സ്ഥലം നഷ്ടമാകൽ	RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം	ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ
3	കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം	RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക		ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യനിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക
4	ഉപജീവനമാർഗം നഷ്ടമാകൽ	RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള പുന:രധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക		വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്ക്, മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുന:രധിവാസ-പുന:സ്ഥാപന പാക്കേജിന് പരിഗണന നൽകുക

5	ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് അപര്യാപ്തമാകൽ	നിജസ്ഥിതി പരിശോധിച്ച് പൂർണമായ ഏറ്റെടുക്കലിന് പരിഗണിക്കുകയോ ടി ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ പരിമിതപ്പെടുത്തുന്നതിനുള്ള സാങ്കേതിക സാധ്യത പരിശോധിച്ച് സാധ്യമായ നടപടികൾ കൈക്കൊള്ളുകയോ ചെയ്യുക		ഭൂമി ഏറ്റെടുക്കൽ ഭൂവുടമയുടെ ഭാവി പദ്ധതികളെ ബാധിക്കാതിരിക്കുന്നതിന് മതിയായ പരിഗണന നൽകൽ
6	ഗതാഗത തടസ്സം /പ്രവേശന മാർഗം നഷ്ടമാകൽ	പദ്ധതി നിർമ്മാണഘട്ടത്തിൽ നിലവിലുള്ള റോഡിലൂടെയുള്ള ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാതിരിക്കുന്നതിനുള്ള മാർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ പ്രദേശത്തെ വീടുകളിലേക്കും വയലിലേക്കും മതിയായ പ്രവേശനമാർഗം ലഭ്യമാക്കണം.		പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ
7	നിർമ്മാണ മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യാതിരിക്കൽ	നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായി നിർമ്മാർജനം ചെയ്യുക	പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക	പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം ഉണ്ടാ കാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായുംനീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക
8	വൃക്ഷങ്ങൾ നഷ്ടമാകൽ	പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.		പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

ബാധകമല്ല

അദ്ധ്യായം 8

സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദിത്തപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടും ബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദി ത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെ യും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ് ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണ ത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. തൃശ്ശൂർ ജില്ലയി ലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ ബസ് സ്റ്റാൻഡിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്നതിന് പരിഹാരമാർഗം എന്ന നിലയിൽ, പുതിയ ബസ് സ്റ്റാൻറ് നിർമ്മിക്കു ന്നതിനായുള്ള പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് അഡ്മിനിസ് ട്രേറ്ററിൻെറ കീഴിൽ സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), തൃശ്ശൂർ ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ

ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി. ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനഃരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത കുടുംബ ങ്ങൾക്ക് നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കു ന്നതിനായി പുനഃരധിവാസ– പുനഃസ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമി വിലയും, പുനഃരധിവാസ– പുനഃസ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ട പരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനഃരധിവാസ

പുനഃസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു.

കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ന്റെ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരി, കൊച്ചി യൂണിറ്റിനെ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ ബസ് സ്റ്റാൻഡിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്നതിന് പരിഹാരമാർഗം എന്ന നിലയിൽ, പുതിയ ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2025 സെപ്റ്റമ്പർ 01 തിയ്യതിയിലെ 3138 നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCTSR/4756/2020-E4 പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരി, കൊച്ചി യൂണിറ്റിനെ ഉത്തരവാദിത്തപ്പെടുത്തിയിരിക്കുന്നു.

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

വിശ്രമിക്കുന്നതിനും പൊതുജനത്തിന് വിവിധ ഭാഗങ്ങളിൽ നിന്നു വരുന്ന ബസ്സുകളെ ഒരു സ്ഥലത്ത് സംഗമിപ്പിച്ച് ജനത്തിന് ഉപകാരപ്രദമായ ജനകീയ കാത്തിരിപ്പു കേന്ദ്രം നിർമ്മിക്കുക എന്നതാണ് ഉദ്ദേശം

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

അദ്ധ്യായം 9

സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനഃരധിവാസ–പുനഃസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടും, ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടും, പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ സർവ്വകക്ഷിയോഗത്തിൽ തീരുമാനമെടുത്തു. പദ്ധതിയുടെ പ്രരംഭ നടപടികൾക്കും, യാദൃച്ഛിക നടപടികൾക്കുമായി അർത്ഥനാധികാരി 70,000,00/– തുക അടച്ചിട്ടുണ്ട്. തുടർനടപടികൾക്കായുള്ള തുക പദ്ധതിയുടെ പുരോഗമനമനുസരിച്ച് അർത്ഥനാധികാരി ലഭ്യമാക്കുന്നതായി അറിയിച്ചിട്ടുണ്ട്.

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

ബാധകമല്ല

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

അദ്ധ്യായം 10

സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ പുനഃരധിവാസ – പുനഃസ്ഥാപന നടപടികൾ
- പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ പഴയന്നൂർ ഭാഗത്തു നിന്നും തൃശ്ശൂർ, പാലക്കാട് ബസ് സ്റ്റാൻഡിൽ പലയിടങ്ങളിൽ നിന്നുള്ള കാത്തുനിൽപ്പിന് പരിഹാരമാർഗം എന്ന നിലയിൽ, പുതിയ ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടു ക്കുന്നതിന്റെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. ഈ പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ ബസ് സ്റ്റാൻഡിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്നതിന് പരിഹാര മാർഗം എന്ന നിലയിൽ, പുതിയ ബസ് സ്റ്റാൻറ് ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ, തയ്യാറാക്കുന്ന പുനഃരധി വാസ– പുനഃസ്ഥാപന സ്കീമിന്റെ അന്തിമ രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന

കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

വരുന്ന ബസ്സുകൾക്ക് ഒരു ഹാൾട്ട് എന്ന രീതിയിലാണ് ബസ്സ് സ്റ്റാൻഡ് വിഭാവനം ചെയ്തിട്ടുള്ളത്.

അദ്ധ്യായം 11

നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പുതിയ ബസ് സ്റ്റാൻഡ് നിർമ്മിക്കുക എന്നത് പ്രദേശവാസി കളുടെയും ജനപ്രതിനിധികളുടെയും വർഷങ്ങളായുള്ള സ്വപ്നമാണ്. ഇവിടെ നിലവിൽ ഗതാഗതം സുഗമമാക്കി പ്രദേശത്തിൻെറ സമഗ്രവികസനത്തിന് ബസ് സ്റ്റാൻഡ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന എളനാട് വില്ലേജിൽ നിന്ന് ഏകദേശം 0.9916 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുക യും കൂടാതെ ഒരു കെട്ടിടം പൂർണ്ണമായും ഏറ്റെടുക്കപ്പെടും. ഉടമകൾക്കു വരുമാന മാർഗം നഷ്ടമാകുകയും, കൈവശ ഭുമിയുടെ അളവ് പൂർണ്ണമായും കുറയുകയും ചെയ്യും. ഒപ്പം ഒരു പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം എങ്കിലും പദ്ധതി പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമ മാക്കി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമായേക്കാം എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകൾക്ക് പദ്ധതിയെ ക്കുറിച്ച് പൂർണ്ണമായി അനുകൂല മനോഭാവമല്ല എന്ന് മനസിലാക്കുന്നു.

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പുതിയ ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിനായി പഴയന്നൂർ ഗ്രാമപ ഞ്ചായത്തിൽ ഉൾപ്പെടുന്ന എളനാട് വില്ലേജിൽ നിന്ന് ഏകദേശം 0.9916 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും

സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

- തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എളനാട് വില്ലേജിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിനായി പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന എളനാട് വില്ലേജിൽ നിന്ന് ഏകദേശം 0.9916 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതി മൂലം ഭൂവുടമകൾക്ക് നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി, പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമാകും എന്നതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനഃസ്ഥാപനം എന്നിവ യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.
- പദ്ധതി ബാധിതരുടെ വരുമാന മാർഗം പദ്ധതി നിർമ്മാണത്തിലുടെ പൂർണ്ണമായും നഷ്ടമാകുന്നു. അവരുടെ നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാതെയുള്ള നഷ്ടപരി

ഹാരം ലഭിക്കുന്നത്തിന് ഉതകുന്ന നടപടികൾ സമയാധിഷ്ഠിതമായി നടപ്പിലാക്കേണ്ട താണ്.

- സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോൾ ഗതാഗതം പൂർണ്ണമായി തടസ്സപ്പെ ടാത്ത രീതിയിൽ വേണ്ട മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്ര സാമഗ്രി കളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ ആസൂത്ര ണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013

2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം

5. 2025 സെപ്റ്റമ്പർ 01 തിയ്യതിയിലെ 3138 നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തൃശ്ശൂർ ജില്ലാ കളക്ടറുടെ 2025 ആഗസ്റ്റ് 30–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCTSR/4756/2020-E4